കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2018 ലെ പൊതുസ്ഥലംമാറ്റം മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(ആർ.റ്റി) നം. 830/2018/ആകുവ തിരുവനന്തപുരം, തീയതി, 12.03.2018

പരാമർശം : 1. 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.01.2018 ലെ ഇ.എച്ച് 1-ഇ.ജി2/108515/17/ആ.വ.ഡ, 20.02.2018 ലെ ഇഎച്ച് 1/105369/17/ആ.വ.ഡ നമ്പർ കത്തുകൾ.

3. 03.04.2017 ലെ സ.ഉ (ആർ.റ്റി)969/2017/ആ.കു.വ നമ്പർ ഉത്തരവ്.

**ഉത്തരവ്**

2018 ലെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഉത്തരവാകുന്നു.

1. 2018 ഏപ്രിൽ 1 മുതൽ 20 വരെ അപേക്ഷ സ്വീകരിക്കുകയും 2018 ഏപ്രിൽ 25 ന് കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, ലഭിക്കുന്ന പരാതികൾ 2018 ഏപ്രിൽ 30 വരെ തീർപ്പാക്കി മെയ് 5 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.
2. കരട് ലിസ്റ്റും അന്തിമ ലിസ്റ്റും www.dhs.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. അതോടൊപ്പം ഓരോ തസ്തികയുടെയും വെവ്വേറെ കരട് ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.
3. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.
4. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും 2018 ഏപ്രിൽ 10-ന് മുൻപ് ഓരോ തസ്തികയ്ക്കും വെവ്വേറെ ആമുഖക്കുറിപ്പ് സഹിതം ബന്ധപ്പെട്ട വകുപ്പ് തലവൻമാരുടെ കാര്യാലയത്തിൽ ലഭ്യമാക്കണം.

5. 2018 മെയ് 20-ാം തീയതിയോടുകൂടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കാനാവും വിധം ഷെഡ്യൂൾ തയ്യാറാക്കണം.

6. 2018 മാർച്ച് 31 ന് മൂന്ന് വർഷം പൂർത്തിയാകുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.

7. അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ www.spark.gov.in/webspark എന്ന website വഴി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ബി.ബാഹുലേയൻ**
അഡീഷണൽ സെക്രട്ടറി

**ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.**
**ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.**
**പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി).**
**കരുതൽ ഫയൽ / ആഫീസ് കോപ്പി.**

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ. ഇ.എച്ച്.-105369/14/ആ.വ.ഡ. തീയതി.15.3.18
തുടർനടപടികൾ എടുക്കുന്നതിനായി പകർപ്പ്
എല്ലാ ജില്ലാ മെഡിക്കൽ ആഫീസർക്കും, കീഴ്സ്ഥാപനങ്ങൾക്കും
അയയ്ക്കുന്നു.

(signature)

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി.

15/3